ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആഫ്രിക്കയെ മൂല്യനിർമ്മാണത്തിനും സുസ്ഥിര വളർച്ചയ്ക്കും നേതൃത്വം നൽകേണ്ട ഭൂഖണ്ഡമായി കണക്കാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that Africa must be considered as a continent that should lead in value creation and sustainable growth.**

2. ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളും ബാങ്കുകളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നത് ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുമെന്ന് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ .

   **Union Minister Nirmala Sitharaman says that increasing cooperation between non-banking financial companies and banks will benefit consumers.**

3. കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ ഇന്ന് തിരുവനന്തപുരത്ത്. കാര്യവട്ടം LNCPE യിലെ പുതിയ മെഡിക്കൽ സെൻറർ ഉദ്ഘാടനം ചെയ്യും.

   **Union Minister of State for Sports Raksha Nikhil Khadse will inaugurate the new medical center at Karyavattom LNCPE in Thiruvananthapuram today.**

4. ജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരേണ്ടത് അനിവാര്യമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിംഗ്

   **Union Minister of State Jitendra Singh says that it is essential to bring a fundamental shift in the way of handling public grievances.**

5. കേരളത്തിൽ നിപാബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കേന്ദ്രസംഘം മലപ്പുറത്തെത്തി.

In Kerala, the central team reaches Malappuram to visit Nipah-affected areas and coordinate prevention activities.

6. ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് ആറ് വിക്കറ്റ് ജയം.

India wins by six wickets in the fourth match of the India-England women's Twenty20 cricket series.

***********************************

## PM – NAMIBIAN PARLIAMENT INTRO

ആഫ്രിക്കയെ അസംസ്കൃത വസ്തുക്കളുടെ ഉറവിടമായി മാത്രം കാണരുതെന്നും, മൂല്യനിർമ്മാണത്തിനും സുസ്ഥിര വളർച്ചയ്ക്കും നേതൃത്വം നൽകേണ്ട ഒരു ഭൂഖണ്ഡമായി കണക്കാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. നമീബിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഫ്രിക്കൻ യൂണിയന്റെ 2063 ലെ അജണ്ടയ്ക്കും, വ്യവസായവൽക്കരണ ലക്ഷ്യങ്ങൾക്കും ഇന്ത്യയുടെ ശക്തമായ പിന്തുണ അദ്ദേഹം ആവർത്തിച്ചു. പ്രതിരോധം, സുരക്ഷ തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം ഉറപ്പിച്ചു.

(ഹോൾഡ് വോയിസ്)

അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്നലെ ഇന്ത്യയിലേക്ക് പുറപ്പെട്ടു.

***********************************

## JNU-CONFERENCE

ജെഎൻയു-വിന്റെ 'ഇന്ത്യൻ വിജ്ഞാന വ്യവസ്ഥകൾ' എന്ന വിഷയത്തിലുള്ള ഒന്നാം വാർഷിക അക്കാദമിക് സമ്മേളനം

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും പങ്കെടുക്കും. ആയുഷ് മന്ത്രാലയവുമായി സഹകരിച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

************************************

## SITHARAMAN-NBFC - INTRO

ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ - എൻ.ബി.എഫ്.സി , അവരുടെ വിശ്വസ്തതയും ധാർമ്മികതയും നിലനിർത്തുന്നതിന് ഉപഭോക്തൃ സംരക്ഷണം, റിസ്ക് മാനേജ്മെന്റ്, എന്നിവ സംയോജിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ നടന്ന എൻ.ബി.എഫ്.സി സിമ്പോസിയത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. എൻ.ബി.എഫ്.സികളും ബാങ്കുകളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നത് ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുമെന്നും ശ്രീമതി സീതാരാമൻ അഭിപ്രായപ്പെട്ടു.

(വോയിസ്)

************************************

## AMIT SHAH-EZC MEETING

കിഴക്കൻ സംസ്ഥാനങ്ങളുടെ പ്രാദേശിക കൗൺസിലിന്റെ 27-ാമത് യോഗം ഇന്ന് റാഞ്ചിയിൽ നടക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജാർഖണ്ഡ്, ബീഹാർ, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ നാല് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 70 പ്രതിനിധികൾ പങ്കെടുക്കും. അന്തർ സംസ്ഥാന പ്രശ്നങ്ങൾ, കേന്ദ്രത്തിൽ നിന്നുള്ള കുടിശ്ശിക, തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും.

************************************

## GUJARAT BRIDGE COLLAPSE

ഗുജറാത്തിൽ പാലം തകർന്ന് ഒമ്പതോളം പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. ആനന്ദ് - വഡോദര ജില്ലകളെ ബന്ധിപ്പിക്കുന്ന ഗംഭീര പാലമാണ് ഇന്നലെ തകർന്നത്. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ലക്ഷം രൂപം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപാ വീതവും നൽകും.

*******************************************

## AMIT SHAH

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിൽ ശ്രീ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും.

*******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************************

## LNCPE – MOS NIKHIL KHADSE

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരം കാര്യവട്ടം LNCPE യിലെ പുതിയ മെഡിക്കൽ

സെന്ററിൻ്റെ ഉദ്ഘാടനം ഇന്ന് കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ നിർവ്വഹിക്കും. മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ കേന്ദ്ര സഹമന്ത്രി ആദരിക്കും. കളരിപ്പയറ്റ്, തായ്ക്വോണ്ടോ, യോഗ, വോളിബോൾ എന്നിവയുടെ പ്രദർശവും ഉണ്ടാകും. തിരുവനന്തപുരം ഗോൾഫ് ക്ലബും മന്ത്രി സന്ദർശിക്കും.

*********************************

## NIPAH – KERALA

നിപാബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കേന്ദ്രസംഘം മലപ്പുറത്തെത്തി. കേന്ദ്ര ആരോഗ്യ മന്ത്രാലയം നിയോഗിച്ച നാഷണൽ ജോയിന്റ് ഔട്ട്ബ്രേക്ക് റെസ്പോൺസ് ടീമാണ് എത്തിയത്. വവ്വാലുകളുടെ നിരീക്ഷണത്തിനും സർവേക്കുമായി മറ്റൊരു സംഘവും ജില്ലയിലെത്തും. നിലവിൽ ഇവർ പാലക്കാടാണുള്ളത്. അതേസമയം, കേരളത്തിൽ നിപ വ്യാപനത്തിനെതിരെ കർശന ജാഗ്രത തുടരുകയാണ്. ഇന്നലെ മലപ്പുറം കോട്ടക്കലിൽ നിപ ഹൈ റിസ്ക് സമ്പർക്ക പട്ടികയിലുണ്ടായിരുന്ന സ്ത്രീ മരിച്ചിരുന്നു. ഇവരുടെ പരിശോധനാ ഫലം നെഗറ്റീവാണ്. നിലവിൽ 485 പേരാണ് സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്.

*********************************

## JITENDRA–GRIEVANCES

ജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരേണ്ടത് അനിവാര്യമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിംഗ്. പരാതികാരുടെ സംതൃപ്തി ഉറപ്പാക്കാൻ പരാതി പരിഹാര സെല്ലുകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഒരു

ദേശീയ ശില്പശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു ജിതേന്ദ്രസിംഗ്.

**********************************

## PRADHAN – IIT (INTRO)

രാജ്യത്തിന്റെ ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അക്കാദമിക അറിവുകളും പ്രാവർത്തിക രീതികളും സംയോജിപ്പിച്ചുള്ള തന്ത്രം രൂപപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഡൽഹി ഐ ഐ റ്റി സംഘടിപ്പിച്ച ദേശീയ ശില്പശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2070 ഓടെ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യയെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ്)

**********************************

## KEAM – HIGH COURT

കേരളത്തിൽ, കീം പരീക്ഷാഫലം ഹൈക്കോടതി സിംഗിൽ ബഞ്ച് റദ്ദാക്കിയതിനെതിരെ സർക്കാർ നൽകിയ അപ്പീൽ ഡിവിഷൻ ബഞ്ച് ഇന്ന് പരിഗണിക്കും. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സിംഗിൽ ബഞ്ച് ഫലം റദ്ദാക്കിയത്. കേരള സിലബസ് വിദ്യാർത്ഥികളുടെ മാർക്ക് ഏകീകരണ ഫോർമുല ചോദ്യം ചെയ്യായിരുന്നു ഹർജി.

**********************************

## WOMEN CRICKET – IND VS ENG

ഇംഗ്ലണ്ടിൽ നടന്ന, ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യൻ ടീം ആതിഥേയരെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. ഇതോടെ അഞ്ച് മത്സരങ്ങളുടെ

പരമ്പര ഇന്ത്യ 3-1 ന് സ്വന്തമാക്കി. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 126 റൺസ് നേടിയിരുന്നു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 17 ഓവറിൽ ലക്ഷ്യം മറികടന്നു.

***********************************

## IND VS ENG TEST CRIC

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഇന്ന് വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും. ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം. ഇരുടീമുകളും പരമ്പരയിലെ ഓരോ മത്സരങ്ങൾ വീതം വിജയിച്ചിട്ടുണ്ട്. ഈ മാസം 24 നാണ് നാലാം മത്സരം.

***********************************

## WIMBLEDON

വിംബിൾഡൺ ടെന്നീസിന്റെ സെമിഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ന് നടക്കുന്ന വനിതാ വിഭാഗം മത്സരത്തിൽ ലോക ഒന്നാം നമ്പർ താരം പോളണ്ടിന്റെ ഇഗ സ്വിയാടെക്, സ്വിറ്റ്സർലൻഡിന്റെ ബെലിൻഡ ബെൻസിക്കിയെ നേരിടും. മറ്റൊരു മത്സരത്തിൽ ബെലാറഷ്യൻ താരം അരിന സബലെങ്ക, അമേരിക്കയുടെ അമാൻഡ അനിസിമോവയെയുമായി മത്സരിക്കും.

***********************************

## RAIN

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

***********************************

## DELHI AIRPORT – ADVISORY

ഡൽഹിയിൽ കനത്ത മഴ തുടരുന്നതിനാൽ യാത്രക്കാർക്ക് ജാഗ്രതാ നിർദ്ദേശം നൽകി ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം. വിമാനത്താവളത്തിലെത്താനുള്ള കാലതാമസം ഒഴിവാക്കാൻ ഡൽഹി മെട്രോ ഉൾപ്പെടെയുള്ള ഇതര ഗതാഗത മാർഗ്ഗങ്ങൾ പരിഗണിക്കണമെന്ന് അധികൃതർ യാത്രക്കാരോട് ആവശ്യപ്പെട്ടു. വിമാനങ്ങളുടെ ഏറ്റവും പുതിയ വിവരങ്ങൾക്ക് അറിയാൻ അതത് എയർലൈനുകളുമായി ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

***********************************

## PIB – MEDIA SEMINAR

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല ഇന്ന് കണ്ണൂർ തളിപ്പറമ്പിൽ നടക്കും. പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ശിൽപ്പശാല ഉദ്ഘാടനം ചെയ്യും. പദ്മശ്രീ പുരസ്കാര ജേതാവ് ഇ.പി.നാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ വി ബി പരമേശ്വരൻ എന്നിവരെ ആദരിക്കും

***********************************

## MOBILE PASSPORT SEVA VAN

തിരുവനന്തപുരം റീജിയണൽ പാസ്സ്പോർട്ട് ഓഫീസ്, മൊബൈൽ പാസ്സ്പോർട്ട് സേവാ വാനുകൾ വിന്യസിക്കുന്നു. ഇന്ന് തിരുവനന്തപുരം കളക്ടറേറ്റ് പരിസരത്ത് ജില്ലാ കളക്ടർ അനുകുമാരിയും റീജിയണൽ പാസ്സ്പോർട്ട് ഓഫീസർ ജീവ മരിയ ജോയും ചേർന്ന് ഉദ്ഘാടനം നിർവ്വഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്ക് സേവനം ലഭ്യമാകും.

*******************************************************************************************
*************************************************************